പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: T 3425

25.06.2012 ൽ മറുപടിയ്ക്ക്

## കായംകുളത്തെ സദാചാര പോലീസ് അക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ഹൃദയസംബന്ധമായ അസുഖത്തെ ത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടുള്ള യുവാവിനെ കായംകുളത്ത് സദാചാര പോലീസ് ചമഞ്ഞ് ക്രൂരമായി മർദ്ദിക്കുകയും പ്രസ്തുത ദൃശ്യങ്ങൾ എം.എം.എസ്. വഴി പ്രചരിപ്പിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 733/12 U/s 342, 323, 34, 308, 120 ( b) IPC & 66 ( A) of I.T. Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കായംകുളം സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. ആകെ ഏഴ് പ്രതികളിൽ അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | മർദ്ദനമേറ്റ പ്രസ്തുത യുവാവിന്റെ തുടർ ചികിത്സാ ചെലവുകൾ സർക്കാർ വഹിക്കുമോ ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ